'സപര്യ' പദ്ധതി

20 (*650) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തുന്ന പ്രാദേശിക ടൂറിസം വികസന സാധ്യതകൾ പ്രവർത്തികമാക്കുന്നതിന് 'സപര്യ' എന്ന പേരിൽ പുതിയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ പദ്ധതികൾക്കായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരുന്നുവോ ;

(സി) ഏതൊക്കെ പദ്ധതികളാണ് ഇത്തരത്തിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നത് ;

(ഡി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതിയിൻകീഴിൽ ഇതുവരെ എത്ര പ്രാദേശിക ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു എന്ന വിശദവിവരം ലഭ്യമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഒരു പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ കണ്ടെത്തി വികസിപ്പിക്കുവാനും നടപ്പിലാക്കുവാനും ഉദ്ദേശിച്ചിട്ടുള്ള 'സപര്യ' പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പത്തനംതിട്ട, കണ്ണൂർ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്നു.

(ബി & സി) ഇല്ല. 'സപര്യ' പദ്ധതിയുടെ അവസാന ഘട്ടത്തിൽ മാത്രമേ മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) മാസ്റ്റർപ്ലാൻ തയ്യാറാക്കി കഴിഞ്ഞതിനുശേഷം കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ആലോചിക്കുന്നത്.

(ഇ) പ്രസ്തുത പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly